# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 7442** — **14-07-2014 ൽ മറുപടിയ്ക്ക്**

## അങ്കമാലി മണ്ഡലത്തിലെ തോടുകളുടെ പുനരുദ്ധാരണം

**ചോദ്യം**

ശ്രീ.ജോസ് തെറ്റയിൽ

**മറുപടി**

ശ്രീ.കെ.പി.മോഹനൻ
(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി)

| ചോദ്യം | മറുപടി |
|---|---|
| (എ) അങ്കമാലി നിയോജക മണ്ഡലത്തിലെ കാർഷിക മേഖലയിൽ ജലസേചനത്തിന് മുഖ്യപങ്ക് വഹിക്കുന്ന അങ്കമാലി മാഞ്ഞാലി തോടിന്റെ കൈവഴികളായ മൂക്കന്നൂർ തോട്, കറുകുറ്റിതോട്, മൂന്നുതോട് തുടങ്ങിയവയുടെ ശോച്യാവസ്ഥ പരിഹരിക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; | (എ) അങ്കമാലി നിയോജക മണ്ഡലത്തിലെ കാർഷിക മേഖലയിൽ ജലസേചനത്തിൽ മുഖ്യപങ്ക് വഹിക്കുന്ന അങ്കമാലി മാഞ്ഞാലി തോടിന്റെ കൈവഴികളായ മൂക്കന്നൂർ തോട്, കറുകുറ്റിതോട്, മൂന്നുതോട് തുടങ്ങിയവയുടെ ശോച്യാവസ്ഥ പരിഹരിക്കുവാൻ കൃഷിവകുപ്പ് നടപടികൾ സ്വീകരിച്ചിട്ടില്ല. എന്നാൽ ജലസേചനവകുപ്പ് നടപടി സ്വീകരിച്ചിട്ടുണ്ട്. |
| (ബി) ഉണ്ടെങ്കിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെന്ന് വ്യക്തമാക്കാമോ; | (ബി) നബാർഡ് ആർ.ഐ.ഡി.എഫ് 20-ൽ ഇംപ്രൂവ്മെന്റ്സ് ടു ട്രിബ്യൂട്ടറീസ് ഓഫ് അങ്കമാലി-മാഞ്ഞാലി തോട്- നായത്തോട് എന്ന പേരിൽ 670 ലക്ഷം രൂപയുടെ ഡി.പി.ആർ (Detailed Project Report) തയ്യാറാക്കിയിട്ടുണ്ട്. ഇത് മൂന്നു തോടിന്റെ ശോച്യാവസ്ഥ പരിഹരിക്കാൻ വേണ്ടിയിട്ടുള്ളതാണ്. നബാർഡ് ആർ.ഐ.ഡി. എഫ് 20-ൽ ഇംപ്രൂവ്മെന്റ്സ് ടു ട്രിബ്യൂട്ടറീസ് ഓഫ് അങ്കമാലി-മാഞ്ഞാലി തോട് (മൂക്കന്നൂർ ആന്റ് കറുകുറ്റി തോട്) എന്ന പേരിൽ 2170 ലക്ഷം രൂപയുടെ ഡി.പി.ആർ തയ്യാറാക്കിയിട്ടുണ്ട്. മൂക്കന്നൂർ, കറുകുറ്റി തോടുകളുടെ ആഴം കൂട്ടലും കൈയ്യേറ്റം ഒഴിപ്പിക്കലും സൈഡ് പ്രൊട്ടക്ഷനും ആണ് ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. കൂടാതെ ബഡ്ജറ്റിൽ 802/351 ഇന നമ്പരിൽ അങ്കമാലി മാഞ്ഞാലി തോടിന്റെ മൂന്നു |

| | | | |
|---|---|---|---|
| | | | തോട്ടു മുതൽ വളവഴി കവല വരെയുള്ള ഭാഗത്തിന്റെ പാർശ്വഭിത്തി സംരക്ഷണത്തിനായി 2.90 കോടി യുടേയും 802/353 നമ്പറിൽ അങ്കമാലി-മാഞ്ഞാലി തോടിന്റെ വളവഴി മുതൽ നായത്തോട് തുറവരെ യുള്ള ഭാഗത്തിന്റെ പാർശ്വ സംരക്ഷണത്തിനായി 2.80 കോടിയുടെയും പണികൾ ഉൾപ്പെടുത്തി യിട്ടുണ്ട്. |
| (സി) | ഇല്ലെങ്കിൽ കാർഷിക മേഖല ആശ്രയിക്കുന്ന ഈ തോടുകൾ പുനരുദ്ധരിക്കുന്നതിനായി അടിയന്തര നടപടി സ്വീകരിക്കുമോ? | (സി) | ബാധകമല്ല. |

സെക്ഷൻ ഓഫീസർ